This Question Paper consists of **37** questions and **5** printed pages.
ഈ ചോദ്യപേപ്പറിൽ **37** ചോദ്യങ്ങളും, **5** അച്ചടിച്ച പുറങ്ങളും ഉണ്ട്.

**Roll No.**
**റോൾ നമ്പർ**

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |

**Code No.** **62/SS/N/MM**
**കോഡ് നമ്പർ**

**Set A**

# MALAYALAM
# മലയാളം
# (343)

**Day and Date of Examination** ____________________
**പരീക്ഷാ ദിവസവും തീയതിയും**

**Signature of Invigilators** 1. ____________________
**മേൽനോട്ടക്കാരന്റെ ഒപ്പ്**

2. ____________________

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യപേജിൽ പ്രിന്റു ചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A)**, **(B)**, **(C)**, **(D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **62/SS/N/MM-A** എഴുതേണ്ടതാണ്.

# MALAYALAM

# മലയാളം

# (343)

Time : **3** Hours ] [ Maximum Marks : **100**

**സമയം : 3 മണിക്കൂർ ]** **[ മാർക്ക് : 100**

**നിർദ്ദേശങ്ങൾ :**

(i) **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

(ii) ഒന്നു മുതൽ പത്തു വരെ ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

**1** മുതൽ **10** വരെയുള്ള ചോദ്യങ്ങളുടെ ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക. **10x1=10**

**1.** 'ചേണ്' എന്നതിന്റെ അർത്ഥമെന്ത് ? **1**

(A) ഭംഗി (B) ബലം (C) ഒച്ച (D) ചേറ്

**2.** എപ്പോഴാണ് ഒരു പാട്ടുകൂടി കിളി പതുക്കെ മൂളുന്നത് ? **1**

(A) പ്രഭാതം വരുമ്പോൾ

(B) സന്ധ്യ വരുമ്പോൾ

(C) കിളി ഒറ്റയ്ക്കാകുമ്പോൾ

(D) മറ്റു കിളികളുടെ പാട്ട് കേൾക്കുമ്പോൾ

**3.** 'പുകമറയ്ക്കപ്പുറം കാണുന്നത് എന്ന പാഠഭാഗത്തിലെ മനോജിന്റെ രോഗാവസ്ഥ എന്താണ് ? **1**

(A) അക്യൂട്ട് മോണോസൈറ്റിക് ലൂക്കിമിയ

(B) തലച്ചോറിലെ അർബുദം

(C) ലിംഫോമ

(D) വിത്ത്ഡ്രോവൽ സിംപ്റ്റംസ്

**4.** കർക്കടകത്തിന്റെ പച്ച രാജാവ് എന്ന് ലേഖകൻ വിശേഷിപ്പിക്കുന്നതാരെ ? **1**

(A) താള് (B) തകര (C) ചീര (D) കൊടിത്തൂവ

**5.** 'കലാക്ഷേത്ര' ആദ്യം അരങ്ങിലെത്തിച്ച നാടകം ഏത് ? **1**

(A) കർണൻ (B) കർണപർവ്വം (C) വൃദ്ധസദനം (D) ഓണം കഴിഞ്ഞ്

6. 'പുനരതിന്' - പിരിച്ചെഴുതേണ്ടത് എങ്ങിനെ? 1

(A) പുനരതി+ഇന് (B) പുനഃ+അതിന് (C) പുന+രതിന് (D) പുനര+അതിന്

7. രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറമുണ്ടായ മഹാത്യാഗം എന്ന് കവി സൂചിപ്പിക്കുന്നത് എന്തിനെയാണ് ? 1

(A) ശ്രീകൃഷ്ണന്റെ സ്വർഗാരോഹണം

(B) കുരുക്ഷേത്രയുദ്ധം

(C) ക്രിസ്തുവിന്റെ കുരിശുമരണം

(D) മുഹമ്മദു നബിയുടെ ജനനം

8. വന്നവഴിക്കു തിരിച്ചു പോയിടുവാൻ വയ്യല്ലോ ദേവനു പണ്ടും - ഈ വരികളിൽ സൂചിപ്പിക്കുന്ന ഭാവമെന്ത് ? 1

(A) അഹങ്കാരം (B) അനുകമ്പ (C) ദുഃഖം (D) നിസ്സഹായത

9. 'എത്ര നിറങ്ങളാണ്, എത്ര ഗന്ധങ്ങളാണ്, എത്ര വിസ്മയങ്ങളാണ് എനിക്ക് നഷ്ടപ്പെട്ടത്'. ഇത് ആരുടെ അഭിപ്രായമാണ് ? 1

(A) വൈക്കം മുഹമ്മദ് ബഷീർ (B) പുനത്തിൽ കുഞ്ഞബ്ദുള്ള

(C) എസ്.കെ. പൊറ്റേക്കാട് (D) എം.ടി. വാസുദേവൻ നായർ

10. ദൈവദ്രോഹക്കുറ്റം ആരോപിച്ച് ശിക്ഷിക്കപ്പെട്ട ഗ്രീക്ക് തത്ത്വജ്ഞാനി ആര് ? 1

(A) പ്ലേറ്റോ (B) സോക്രട്ടീസ് (C) സോഫോക്ലീസ് (D) യൂറിപ്പിഡിസ്

**ഒറ്റവാക്യത്തിലോ വാക്കിലോ ഉത്തരമെഴുതുക.** **5x1=5**

11. ലക്ഷ്മണനെ ഗാന്ധാരി വിശേഷിപ്പിക്കുന്നത് എങ്ങനെ ? 1

12. കുരിശിനെ ചുംബിക്കാനായി അടുത്തു വരുന്ന മാലാഖമാർ എന്ന് കവി ഭാവന ചെയ്യുന്നത് ആരെയാണ് ? 1

13. പോരിലൊന്നായ് <u>വീണുപോയ്</u> മൂവരും - അടിവരയിട്ട പദത്തിന് കാവ്യസന്ദർഭത്തിലുള്ള അർത്ഥമെന്ത് ? 1

14. 'പാടില്ലാ തൂവെളിച്ചത്തിനു വേണ്ടിയെൻ പാരമ്പര്യങ്ങളെത്തള്ളാൻ' - ഇത് ആരുടെ വാക്കുകൾ ? 1

15. വൃന്ദാവനത്തെ കവി സാദൃശ്യപ്പെടുത്തുന്നത് എന്തിനോടാണ് ? 1

**ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **5x2=10**

16. ഇന്ദ്രൻ ഭൂമി സന്ദർശിച്ചതിന്റെ ഉദ്ദേശ്യം എന്തായിരുന്നു ? **2**

17. തീവണ്ടിയാപ്പീസിൽ കിടക്കുന്ന മനുഷ്യനെ കവി വർണിച്ചിരിക്കുന്നതെങ്ങനെ ? **2**

18. മാധ്യമങ്ങളുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തൊക്കെ ? **2**

19. ഒരു കലാകാരനെ സംവിധാനം ചെയ്യെടുക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ് ? **2**

20. 'അത്തരം പ്രതികാരബുദ്ധി ആടുകൾക്കില്ല' വിശദീകരിക്കുക. **2**

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **5x3=15**

21. 'അവൾ മുഖം കുനിച്ചു നിലത്തു നോക്കിക്കൊണ്ടു നിന്നു' - കുഞ്ഞുപാത്തുമ്മയുടെ ഈ ഭാവവ്യത്യാസത്തിനു കാരണമെന്ത് ? **3**

22. 'വിട്ടയയ്ക്കുക' എന്ന കവിതയിലെ വസന്തകാലവർണനയുടെ ഔചിത്യമെന്ത് ? **3**

23. 'അതിമോഹം ചക്രം ചവിട്ടും പക് ഹാമിന്റെ കാര്യത്തിൽ ഇതു ശരി തന്നെ'. പക്ഹാമിന്റെ അതിമോഹം എന്തായിരുന്നു. അതിന്റെ പരിണിതഫലം എന്ത് ? **3**

24. 'അന്നരാജൻ എഴുന്നെള്ളുമ്പോൾ ആശാരിച്ചെറുക്കൻ തടഞ്ഞുനിർത്തി' ഈ കടങ്കഥയുടെ ഉത്തരമെഴുതി ആശയം വിശദീകരിക്കുക. **3**

25. 'അവന്റെ ജീവിതാവിശ്യങ്ങൾ ലഘുവാണ്. എങ്കിലും അവനത് ഗുരുവാണ്" (ഉതുപ്പാന്റെ കിണർ) - വിശദമാക്കുക. **3**

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **6x5=30**

26. കൃഷ്ണഗാഥയ്ക്കുള്ള ഭാഷാപരമായ സവിശേഷതകൾ. 'അമ്മയ്ക്ക് ഒരു സന്ദേശം' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക. **5**

27. ജന്മിത്തത്തിന്റെ തകർച്ച 'മനുഷ്യപുത്രി' എന്ന കഥയിൽ കഥാകൃത്ത് എപ്രകാരമാണ് ചിത്രീകരിച്ചിരിക്കുന്നത് ? **5**

28. "അയൽപക്കത്തെ സ്നേഹിക്കുക എന്ന ഉപദേശം കുട്ടികൾക്കെന്നതിലേറെ വേണ്ടതു മുതിർന്നവർക്കാണ്". സുകുമാർ അഴീക്കോട് എന്തുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത് ? **5**

29. ഗൃഹനിർമ്മാണത്തിൽ കേരളത്തിൽ ഇന്നു കണ്ടുവരുന്ന ആഡംബര സ്വഭാവം ലളിത ജീവിതത്തിന് എങ്ങനെയെല്ലാം തടസ്സമാകുന്നു ? 5

30. വിശ്വസ്തതയുടെയും സ്നേഹത്തിന്റെയും ആൾരൂപമാണ് 'സബർമതി ദൂരെയാണ്' എന്ന നാടകത്തിലെ 'തേവൻ' എന്ന കഥാപാത്രം. വിലയിരുത്തുക. 5

31. അന്നത്തെ പുണ്യം എന്ന കവിതയിൽ ചെറു സൂചനകൾ കൊണ്ട് കൃഷ്ണന്റെ ജീവിതം കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ? 5

**രണ്ട് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **3x10=30**

32. 'കർണപർവ്വം', 'പൊന്നുരുക്കുകയാണ് പൂച്ചേ' എന്നീ കഥകളിൽ അനാവരണം ചെയ്യുന്ന വാർധക്യത്തിന്റെ ഒറ്റപ്പെടലിനെ കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. 10

**അല്ലെങ്കിൽ**

33. 'മനുഷ്യമനസ്സിന്റെ സഞ്ചാരവഴികൾ വിചിത്രവും നിഗൂഢവുമാണ്' എന്ന പ്രസ്താവന അജഗജാന്തരം എന്ന കഥയിലെ നാണിക്കുട്ടിയുടെ കഥാപാത്രസൃഷ്ടിയെ അടിസ്ഥാനപ്പെടുത്തി വിശദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.

34. സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന അവഗണന 'ശ്രീഭഗവതി' എന്ന കഥയെ അടിസ്ഥാനമാക്കി ഉപന്യസിക്കുക. 10

**അല്ലെങ്കിൽ**

35. ജാതിമതചിന്തകൾപ്പുറം നീളുന്ന സ്നേഹത്തിന്റെ സ്പർശം വികാരസാന്ദ്രമായി അവതരിപ്പിച്ചിരിക്കുന്ന കഥയാണ് കടൽത്തീരത്ത്. ഈ പ്രസ്താവനയെ അടിസ്ഥാനമാക്കി കടൽത്തീരത്ത് എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

36. വള്ളത്തോളിന്റെ 'മാപ്പ്' എന്ന കവിതയെ അടിസ്ഥാനപ്പെടുത്തി സമകാലീന സാമൂഹ്യസാഹചര്യങ്ങളെ വിമർശനാത്മകമായി അപഗ്രഥിച്ച് പ്രബന്ധം തയ്യാറാക്കുക. 10

**അല്ലെങ്കിൽ**

37. കേരളം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളെ 'ഒരു പാട്ടു പിന്നെയും', 'കണ്ണാന്തളിപ്പൂക്കളുടെ കാലം' എന്നീ പാഠഭാഗങ്ങളെ അപഗ്രഥിച്ച് വിലയിരുത്തി പ്രബന്ധം തയ്യാറാക്കുക.

- o O o -